## പതിനാലാം കേരള നിയമസഭ
### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3018

10 .03.2017-ൽ
മറുപടിയ്ക്ക്

## റവന്യൂ അദാലത്തുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡി. കെ. മുരളി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) താലൂക്ക് തലത്തിൽ റവന്യൂ അദാലത്തുകൾ നടത്താൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) റവന്യൂ ഫയൽ അദാലത്തുകൾ നടത്തി ഫയലുകൾ തീർപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താലൂക്ക് തലത്തിലോ വില്ലേജ് തലത്തിലോ റവന്യൂ അദാലത്തുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയെന്ന് വിശദീകരിക്കുമോ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എറണാകുളം ജില്ലയിൽ താലൂക്ക് തലത്തിൽ എല്ലാ താലൂക്കുകളിലും, കളക്ടറേറ്റ് തലത്തിലും റവന്യൂ വകുപ്പ് ഫയൽ അദാലത്തുകൾ നടത്തിയിട്ടുള്ളതാണ്. വയനാട് ജില്ലയിൽ 19/08/2016 തീയതിയിൽ താലൂക്ക് തലത്തിൽ വൈത്തിരി താലൂക്കിൽ റവന്യൂ അദാലത്ത് നടത്തിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ തയ്യേനി പട്ടികവർഗ്ഗ കോളനിയിൽ അദാലത്ത് നടത്തിയിരുന്നു. ടി ജില്ലയിൽ താലൂക്ക് തലത്തിൽ മാർച്ച് 6, 13 തീയതികളിൽ ജനസമ്പർക്ക പരിപാടി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ ജില്ലാ കളക്ടർ പരാതി പരിഹാര വേദി 18/02/2017-ന് നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ